## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1870 | 11.02.2020- ൽ മറുപടിക്ക് |
|---|---|

### റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമീണ റോഡുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ് : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ചെലവഴിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് വകുപ്പിനെയാണെന്ന് അറിയിക്കുമോ; | (എ) & (ബി) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല.<br><br>എന്നാൽ 2018,2019-കളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും, റീബിൽഡ് കേരള ഇനിഷിയേറ്റീവിന് കീഴിൽ ഉൾപ്പെടുത്താത്തതും, പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് "മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി"(Chief Minister's Local Roads Rebuild Project) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMRDF) നിന്നും അനുവദിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഗ്രാമീണ റോഡുകളെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകൾ ഏറ്റെടുക്കുന്നതിന്റെ നിർദ്ദേശം മണ്ഡലാടിസ്ഥാനത്തിൽ നൽകാൻ വ്യവസ്ഥയുണ്ടോ; എത്ര ദിവസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ